ബന്ദിന് ആഹ്വാനം നൽകിയില്ല? സംഗതിയുടെ ഗൗരവം അവർ മനസ്സിലാക്കായ്കയാണോ? അതോ 'ഞങ്ങളായിരുന്നു അധികാരത്തിലെങ്കിൽ, ഞങ്ങളും ചെയ്യുക ഇതൊക്കെത്തന്നെ' എന്ന കുററബോധം അവരെ ദുർബലരാക്കിയോ?

ഏതായാലും, കുവെയ്ത്തിൽ തിരിച്ചെത്തിയ ബഹുമാന്യാതിഥികൾ, ഇന്ത്യയിൽ മുസ്ലിങ്ങൾ അനുഭവിക്കേണ്ടിവരുന്ന മർദനങ്ങളെക്കുറിച്ചും, ക്ഷേത്രങ്ങളാക്കി മാററപ്പെടുന്ന പള്ളികളെക്കുറിച്ചും, മററും പൂർവ്വാധികം ഊർജിതത്തോടെ പ്രചാരവേല നടത്തിവരുന്നതായി ഇന്ത്യൻ പത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

അവസാനമായി ഒരു പ്രശ്നം:

രാജ്യശത്രുക്കളെ സ്വാഗതംചെയ്യാൻ ആംഭിയെയും ജയചന്ദ്രനെയും പ്രേരിപ്പിച്ചതു പ്രതികാരവാഞ്ഛയായിരുന്നു; പകയായിരുന്നു.

രാജ്യശത്രുക്കളെ സ്വാഗതംചെയ്തു സൽക്കരിക്കാൻ കേരള മന്ത്രിമാരെ പ്രേരിപ്പിച്ചത് എന്തായിരുന്നു?

തങ്ങളുടെ അളിയന്മാർക്കും, അവരുടെ അളിയന്മാർക്കും, അവരുടെ അളിയന്മാർക്കും അങ്ങനെ നീണ്ടുപോകുന്ന അളിയശൃംഖലയ്ക്കു വാഗ്ദത്ത ഭൂമിയായ ഗൾഫ് രാജ്യങ്ങളിൽ കടക്കുന്നതിന് ഏതാനും എൻ. ഒ. സി?

തല്ക്കാലം അതിനേക്കാൾ കനമുള്ള വല്ലതും?

ജനങ്ങളേ, ചിന്തിക്കുക! നിശ്ശബ്ദരായി, നിഷ്ക്രിയരായി, സംതൃപ്തരായി, ഇരിക്കാനാണു നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ, നിങ്ങളുടെ ശബ്ദം, നിങ്ങളുടെ കർമശേഷി, നിങ്ങളുടെ സമാധാനം, നിങ്ങളിൽനിന്നു ബലാൽ അപഹരിക്കപ്പെടും.

ഇളവില്ലാത്ത ജാഗ്രതയാണു ജനാധിപത്യത്തിനു ജനങ്ങൾ നൽകേണ്ട വില. ആ വില നൽകാൻ ജനങ്ങൾ തയ്യാറാവുകതന്നെ വേണം.

(3 ഏപ്രിൽ, 1986)

# 50. പുതിയ വിദ്യാഭ്യാസ നയം

വിദേശീയ അടിമത്തത്തിൽനിന്നു മോചനം നേടുകയും ജനാധിപത്യഭരണസമ്പ്രദായം നടപ്പിൽവരുത്തുകയുംചെയ്ത ഇന്ത്യയ്ക്കു പററിയ വിദ്യാഭ്യാസസമ്പ്രദായം ഏതാണ്? നിഷ്കൃഷ്ടമായ പഠനത്തിനുശേഷം ഈ വിഷയത്തിൽ നിർണായകങ്ങളായ ശുപാർശകൾ സമർപ്പിക്കാൻ ഇന്ത്യാഗവൺമെൻറ് 1964—ൽ ഡോക്ടർ കോഠാരിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മീഷനെ നിയമിച്ചു. കമ്മീഷനിൽ ഇന്ത്യക്കാർക്കു പുറമേ, സോവിയററ്യൂണിയൻ, ഫ്രാൻസ് തുടങ്ങിയ പല രാജ്യങ്ങളിലെയും വിദ്യാഭ്യാസ വിദഗ്ധർ അംഗങ്ങളായിരുന്നു. കമ്മീഷൻ 1966—ൽ സമപ്പിച്ച വിപുലമായ റിപ്പോർട്ട് നവസ്വതന്ത്രരാഷ്ട്രങ്ങളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം യുഗപ്രവർത്തകമായ ഒരു രേഖയാണ്.

കോഠാരിക്കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ദേശീയ വിദ്യാഭ്യാസനയം 1968—ൽ ഇന്ത്യൻ പാർലമെൻറ് പാസ്സാക്കി. ദേശീയവികസനത്തെ ത്വരിപ്പിക്കുകയും ദേശീയ—ഉദ്ഗ്രഥനത്തെ ശക്തിപ്പെടുത്തുകയുമായിരുന്നു ഈ നയത്തിന്റെ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി ദേശീയ വിദ്യാഭ്യാസനയം, ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും ധാർമികമൂല്യങ്ങളിലും ജനജീവിതവുമാ

യുള്ള ബന്ധത്തിലും ഊന്നിക്കൊണ്ടു വിദ്യാഭ്യാസത്തെ സമഗ്രമായി പുനസ്സംഘടിപ്പിക്കുന്നതിനു് ആവശ്യപ്പെട്ടു.

ദേശീയ വിദ്യാഭ്യാസനയം അംഗീകരിക്കപ്പെട്ടതിനുശേഷം, ഇക്കഴിഞ്ഞ പതിനെട്ടു വർഷങ്ങളിൽ ഇന്ത്യയിൽ വിദ്യാഭ്യാസസൗകര്യങ്ങൾ ഗണ്യമായി വികസിപ്പിച്ചിട്ടുണ്ടു്. നൂറിൽ തൊണ്ണൂറു ഗ്രാമങ്ങളിലും ഒരു കിലോമീററിനകം ഒരു പ്രൈമറിസ്കൂൾ എന്ന ലക്ഷ്യം കൈവന്നുകഴിഞ്ഞിരിക്കുന്നു. സെക്കണ്ടറി സ്കൂളുകളുടെ എണ്ണത്തിലും വലിയ വർദ്ധന ഉണ്ടായിട്ടുണ്ടു്. ഇന്ത്യയിൽ ആകെ അയ്യായിരത്തിലധികം കോളേജുകളും നൂററമ്പതോളം സർവകലാശാലകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസരംഗവും പൊട്ടിത്തഴച്ചു വളർന്നിരിക്കുന്നു.

എന്നാൽ, '1968–ലെ വിദ്യാഭ്യാസനയത്തിലെ പൊതുനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള വിശദമായ തന്ത്രം രൂപവൽക്കരിക്കപ്പെട്ടില്ല; ഇവ നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്തമോ, അതിനാവശ്യമായ ധനസഹായമോ വ്യക്തമായി നിർവചിക്കപ്പെട്ടുമില്ല.' ഇതിൻ ഫലമായി വിദ്യാഭ്യാസരംഗത്തു് ഒട്ടനവധി പ്രശ്നങ്ങൾ ഉയർന്നുവന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ഒരു പുതിയ ദേശീയ വിദ്യാഭ്യാസനയം ആവിഷ്കരിക്കുമെന്നു് 1985 ജനുവരിയിൽ ഇന്ത്യാഗവണ്മെൻറു് പ്രഖ്യാപിച്ചു. ഈ നയത്തിന്റെ ഒരു പ്രാഥമിക രൂപരേഖ 'വിദ്യാഭ്യാസമെന്ന വെല്ലുവിളി' (ചലെഞ്ജ് ഓഫ് എഡ്യുക്കേഷൻ) എന്ന പേരിൽ, ജനങ്ങളുടെ ചർച്ചയ്ക്കായി, 1985 ആഗസ്റ്റിൽ പ്രസിദ്ധീകരിക്കപ്പെട്ടു. തുടർന്നുനടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവണ്മെൻറിന്റെ മാനുഷവിഭവവകുപ്പ് രൂപം നൽകിയ '1986–ലെ ദേശീയ വിദ്യാഭ്യാസനയം' ഏതാനും ദിവസങ്ങൾ മുമ്പു പാർലമെൻറിൽ അവതരിപ്പിച്ചു. ഹ്രസ്വങ്ങളായ ചർച്ചകൾക്കുശേഷം ഈ നയം അംഗീകരിക്കപ്പെട്ടു.

1968–ലെ ദേശീയനയം നടപ്പിൽവരുത്തുന്നതിൽ കേന്ദ്രഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറുകളും പ്രദർശിപ്പിച്ച അനാസ്ഥ ഇനിയും തുടരുന്നില്ലെങ്കിൽ, വരും വർഷങ്ങളിൽ ഇന്ത്യയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ '1986–ലെ ദേശീയനയ'ത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. അതിനാൽ, ഈ ദേശീയനയം, വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള ഏവരുടെയും നിഷ്കൃഷ്ടപഠനത്തിനു വിധേയമാകേണ്ടതാണു്.

മുപ്പതു പേജുകളുള്ള ദേശീയനയരേഖ പന്ത്രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. 'പ്രവേശകം' എന്ന ആദ്യത്തെ ഭാഗത്തിൽ, ഇന്ത്യയിലെ വിദ്യാഭ്യാസം ഇന്നൊരു നാൽക്കൂട്ടപ്പെരുവഴിയിലാണെന്നു പ്രസ്താവിക്കുന്നു. ഇന്നത്തെ രീതിയിൽ ഋജുരേഖയിലുള്ള സാധാരണ വികസനം ജനങ്ങളുടെ വിദ്യാഭ്യാസാവശ്യം നിർവഹിക്കാൻ പര്യാപ്തമല്ല. ധാർമികമൂല്യങ്ങൾ ആകെ അലിഞ്ഞൊലിച്ചുപോകുമെന്നു ഭയപ്പെടേണ്ട നിലയിലാണു് ഇന്നത്തെ ഇന്ത്യയിലെ രാഷ്ട്രീയ–സാമൂഹ്യജീവിതം. മതനിരപേക്ഷത, സോഷ്യലിസം, ജനാധിപത്യം, തൊഴിൽ മര്യാദ മുതലായ സാമൂഹ്യലക്ഷ്യങ്ങൾ പെരുകിവരുന്ന സമ്മർദ്ദങ്ങൾക്കു വിധേയങ്ങളായിക്കൊണ്ടിരിക്കുന്നു. വരുന്ന ദശകങ്ങളിൽ ജീവിതത്തിലെ പിരിമുറുക്കങ്ങൾ ഇന്ത്യയിൽ ഏറിവരാനാണു സാദ്ധ്യത. പുതിയ വെല്ലുവിളികളെ നേരിടാനും സാമൂഹ്യാവശ്യങ്ങൾ തൃപ്തിപ്പെടുത്താനും ഇന്ത്യയിൽ ഒരു പുതിയ ദേശീയ വിദ്യാഭ്യാസനയം അനുപേക്ഷണീയമായിരിക്കുന്നു.

'വിദ്യാഭ്യാസത്തിന്റെ സാരാംശവും ഭൂമികയും' എന്നതാണു നയരേഖയിലെ രണ്ടാം ഭാഗം. ഇന്ത്യയിൽ വിദ്യാഭ്യാസം സാർവജനീനവും സംസ്കാരാധായകവും ദേശീയോദ്ഗ്രഥനോന്മുഖവും ശാസ്ത്രാധിഷ്ഠിത

വുമാകണമെന്നും, അതു ജനങ്ങളെ തൊഴിലുകൾക്ക സമർത്ഥരാക്കണമെന്നും, ഗവേഷണവികസനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും ഈ ഭാഗത്തിൽ നിർദേശിച്ചിരിക്കുന്നു.

ഭരണഘടനയുടെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസത്തിൽ രാഷ്ട്രം വഹിക്കേണ്ട പങ്കാണ് 'ദേശീയവിദ്യാഭ്യാസപദ്ധതി' എന്ന മൂന്നാം ഭാഗത്തിൽ വിവരിക്കുന്നതു്. എല്ലാ പൗരന്മാർക്കും ഒരേതരം വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനു രാഷ്ട്രം പ്രതിജ്ഞാബദ്ധമാണ്. 1968–ലെ ദേശീയ വിദ്യാഭ്യാസനയത്തിൽ നിർദേശിച്ചതും, നടപ്പിലാക്കാതെപോയതുമായ 'പൊതുവിദ്യാലയ പദ്ധതി' (കോമൺ സ്കൂൾ സിസ്റ്റം) നടപ്പിൽ വരുത്തുമെന്ന് ഈ ഭാഗത്തിൽ പറഞ്ഞിരിക്കുന്നു. അഞ്ചു വർഷം നീണ്ട പ്രൈമറി, പിന്നീടു മൂന്നു വർഷം നീണ്ട അപ്പർ പ്രൈമറി എന്നിങ്ങനെ എട്ടു വർഷമായിരിക്കും പ്രാഥമിക വിദ്യാഭ്യാസം. തുടർന്നു രണ്ടു വർഷത്തെ ഹൈസ്കൂൾ വിദ്യാഭ്യാസവും, രണ്ടു വർഷത്തെ ഹയർ സെക്കൻററി വിദ്യാഭ്യാസവും, മൂന്നു വർഷത്തെ കോളേജ് വിദ്യാഭ്യാസവും. ഈ സംവിധാനം എല്ലാ സ്റ്റേററുകളിലും നടപ്പിൽ വരുത്തും. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രം, ഭരണഘടനപ്രകാരമുള്ള ബാധ്യതകൾ മുതലായവ അടങ്ങുന്ന ഒരു പൊതുപാഠ്യപദ്ധതിയും, അതതു സ്റ്റേററിലെ സവിശേഷ പാഠപദ്ധതികളും അടങ്ങുന്നതാവും പാഠ്യപദ്ധതി. വിദ്യാഭ്യാസ പരിപാടി തികച്ചും മതനിരപേക്ഷമായിരിക്കും. വിദ്യാഭ്യാസ നവീകരണം, അസമത്വനിവാരണം, പ്രാഥമിക വിദ്യാഭ്യാസം സാർവജനീനമാക്കൽ, മുതിർന്നവരുടെ സാക്ഷരത, ശാസ്ത്രീയ–സാങ്കേതിക ഗവേഷണം മുതലായവ സംബന്ധിച്ച പരിപാടികൾ നടപ്പിലാക്കാനുള്ള സാമ്പത്തികബാദ്ധ്യത പൂർണമായും രാഷ്ട്രത്തിനായിരിക്കും. 1976–ൽ വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിൽ പെടുത്തിയതിനെത്തുടർന്ന് ദേശീയ ജീവിതത്തിൽ പരമപ്രാധാന്യമുള്ള വിദ്യാഭ്യാസത്തിൻെറ ചുമതല കേന്ദ്രവും സ്റ്റേററുകളും ഒരു പുതിയ അടിസ്ഥാനത്തിൽ പങ്കിട്ടെടുക്കേണ്ടിയിരിക്കുന്നു.

'വിദ്യാഭ്യാസം സമത്വത്തിനുവേണ്ടി' എന്നതാണ് ദേശീയ വിദ്യാഭ്യാസനയരേഖയുടെ നാലാം ഭാഗം. സ്ത്രീകൾ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ന്യൂനപക്ഷങ്ങൾ, വികലാംഗർ എന്നിവർക്കു നല്കേണ്ട പ്രത്യേകാനുകൂല്യങ്ങൾ ഈ ഭാഗത്തിൽ വിശദമായി പ്രതിപാദിക്കുന്നു. മുതിർന്നവരുടെ നിരക്ഷരത നീക്കൽ, തുടർവിദ്യാഭ്യാസം, തൊഴിലാളികളുടെ വിദ്യാഭ്യാസം, കറസ്പോണ്ടൻസ് കോഴ്സുകൾ, ഗ്രന്ഥശാലകൾ മുതലായവയും ഈ ഭാഗത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.

'വ്യത്യസ്ത ഘട്ടങ്ങളിൽ വിദ്യാഭ്യാസപുനസ്സംവിധാനം' എന്ന അഞ്ചാം ഭാഗത്തിൽ ശിശുവിദ്യാഭ്യാസവും ശിശു–ആരോഗ്യസംരക്ഷണവും, പ്രാഥമിക വിദ്യാഭ്യാസം, സ്കൂൾ സൗകര്യങ്ങൾ, പൊഴിഞ്ഞുപോകുന്ന കുട്ടികൾക്കും മററുമായി അനൗപചാരികവിദ്യാഭ്യാസസംവിധാനങ്ങൾ, സെക്കൻററി വിദ്യാഭ്യാസം, തൊഴിലധിഷ്ഠിതവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ഓപ്പൺ യൂണിവേഴ്സിററിയും കറസ്പോണ്ടൻസ് വിദ്യാഭ്യാസവും, റൂറൽ യൂണിവേഴ്സിററി മുതലായവയെപ്പററി പ്രതിപാദിച്ചിരിക്കുന്നു. മററു വിദ്യാലയങ്ങൾക്കു മാതൃക നൽകുന്നതിനായി 'നവോദയ വിദ്യാലയങ്ങൾ' എന്ന പേരിൽ, ഇപ്പോഴത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽനിന്നു തികച്ചും വ്യത്യസ്തങ്ങളായ ഏതാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചും ഈ ഭാഗത്തിൽ പ്രസ്താവിക്കുന്നുണ്ട്.

സാങ്കേതികവും മാനേജ്മെൻറിനെ സംബന്ധിച്ചതുമായ വിദ്യാഭ്യാസമാണ് ആറാം ഭാഗത്തിലെ പ്രതിപാദ്യം. പുതിയ വഴികൾ വെട്ടി

ത്തുറക്കൽ (ഇന്നവേഷൻ), ഗവേഷണം, വികസനം, എല്ലാ തലങ്ങളിലും കാര്യക്ഷമതയും ഫലദായകതയും വളർത്തൽ മുതലായവയെപ്പററി പറയുന്ന ഈ ഭാഗത്തിൽ, അദ്ധ്യാപകരുടെ റിക്രൂട്ട്മെൻറ്, നല്ല അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കൽ, അദ്ധ്യാപകരുടെ പലതരം ഉത്തരവാദിത്തങ്ങൾ മുതലായവയും പരമാർശിക്കപ്പെടുന്നുണ്ട്. 'നിലവാരം പാലിക്കുന്നതിനുവേണ്ടിയും പ്രസക്തങ്ങളായ മററു പല കാരണങ്ങളാലും, സാങ്കേതിക–തൊഴിൽപര (പ്രൊഫെഷണൽ) വിദ്യാഭ്യാസരംഗങ്ങളെ കച്ചവടപ്രധാനങ്ങളാക്കുന്നതു തടയപ്പെടണം' എന്ന് ഈ ഭാഗത്തു പ്രസ്താവിച്ചിരിക്കുന്നു.

'വിദ്യാഭ്യാസസംവിധാനത്തെ എങ്ങനെ പ്രവർത്തനക്ഷമമാക്കാം?' എന്ന ഏഴാം ഭാഗത്തിൽ, സ്വാതന്ത്ര്യത്തോടൊപ്പം എങ്ങനെ വിദ്യാഭ്യാസവ്യവസ്ഥിതിയിൽ അച്ചടക്കം പുലർത്താം എന്ന, പരമപ്രധാനമായ, വിഷയം ഉന്നയിക്കപ്പെട്ടിരിക്കുന്നു. അദ്ധ്യാപകർക്കു കൂടുതൽ ശമ്പളവും സൗകര്യങ്ങളും, അതോടൊപ്പം കൂടുതൽ ഉത്തരവാദിത്തം—ഇതാണു നിർദേശങ്ങളുടെ ചുരുക്കം.

'എല്ലാ അദ്ധ്യാപകരും പഠിപ്പിക്കണം; എല്ലാ വിദ്യാർത്ഥികളും പഠിക്കുകയും വേണം' എന്ന സരളമായ വസ്തുത ഇവിടെ ഊന്നിപ്പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസത്തിലെ സാംസ്കാരികപരിപ്രേക്ഷ്യം, മൂല്യങ്ങൾ സംബന്ധിച്ച വിദ്യാഭ്യാസം, പുസ്തകങ്ങളും ലൈബ്രറികളും, മാദ്ധ്യമങ്ങളും വിദ്യാഭ്യാസ സങ്കേതങ്ങളും, പ്രവൃത്തിപരിചയം, വിദ്യാഭ്യാസവും പരിസ്ഥിതിയും, ഗണിതപഠനം, സയൻസ് പഠനം, കളികളും കായികാഭ്യസനവും, യുവജനങ്ങളുടെ ഭൂമിക, മൂല്യനിർണയനവും പരീക്ഷാപരിഷ്കരണവും മുതലായ വിവിധ വിഷയങ്ങൾ 'വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിനും പ്രക്രിയയ്ക്കും പുതിയ ദിശാനിർണയനം' എന്ന എട്ടാം ഭാഗത്തിൽ പ്രതിപാദിക്കുന്നു. വിദ്യാഭ്യാസത്തിൽ ഭാഷകളെ സംബന്ധിച്ച് 1968–ലെ വിദ്യാഭ്യാസനയത്തിൽ പ്രസ്താവിക്കുന്ന കാര്യങ്ങൾ ഇന്നും അത്യന്തം പ്രസക്തങ്ങളാണെന്നും, ആ കാര്യങ്ങൾ ഊർജിതമായും സോദ്ദേശ്യമായും നടപ്പിൽ വരുത്തുകയാണാവശ്യമെന്നും ഇവിടെ പറഞ്ഞിരിക്കുന്നു.

'അദ്ധ്യാപകൻ' എന്ന ഒമ്പതാം ഭാഗത്തിൽ അദ്ധ്യാപകനിയമനം, അദ്ധ്യാപകപരിശീലനം മുതലായവയെപ്പററി പറയുന്നു. 'വിദ്യാഭ്യാസത്തിൻെറ മാനേജ്മെൻറ്' ആണ് പത്താം ഭാഗത്തിലെ പ്രതിപാദ്യം. ഇപ്പോഴത്തെ ഐ. എ. എസ്., മുതലായ കേന്ദ്രസർവീസുകൾപോലെ ഒരു ഇന്ത്യൻ എഡ്യൂക്കേഷണൽ സർവീസ് (ഐ. ഇ. എസ്.) രൂപവൽക്കരിക്കണമെന്ന് ഇതിൽ പറയുന്നു. വിദ്യാഭ്യാസത്തിൻെറ മേൽനോട്ടം വഹിക്കുന്നതിന് കേന്ദ്രത്തിൽ സെൻട്രൽ അഡ്വൈസറി ബോർഡും സംസ്ഥാനങ്ങളിൽ സ്റ്റേററ് അഡ്വൈസറി ബോർഡുകളും ഉണ്ടാവും. ജില്ലകളിൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ബോർഡുകൾ സ്ഥാപിക്കണമെന്നും നിർദേശിച്ചിരിക്കുന്നു. ഹെഡ്മാസ്റ്റർക്ക് പ്രത്യേക പരിശീലനം വേണമെന്നും, സ്കൂൾ കോംപ്ലക്സുകൾ കുറെയേറെ അധികാരത്തോടെ പ്രവർത്തിക്കണമെന്നും ഈ ഭാഗത്തു പറഞ്ഞിട്ടുണ്ട്. സ്വകാര്യസ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന കാര്യവും ഇവിടെ സ്പർശിച്ചിരിക്കുന്നു.

വിദ്യാഭ്യാസപദ്ധതികൾക്ക് പണം എങ്ങനെ കണ്ടെത്താമെന്നും, ദേശീയനയം നടപ്പിൽ വരുത്തുന്നതിലെ അപാകതകൾ യഥാകാലം കണ്ടുപിടിച്ചു പരിഹരിക്കേണ്ടതെങ്ങനെയെന്നുമാണ് പതിനൊന്നാം ഭാഗത്തിൽ പറയുന്നത്. 'ഭാവി' എന്ന അവസാനഭാഗത്തിൽ, വിദ്യാ

ഭ്യാസമാകുന്ന പിരമിഡിന്റെ അടിവശം (പ്രാഥമികഘട്ടം) ശക്തിപ്പെടുത്തുകയും, ഉപരിതലം (ഗവേഷണവും വികസനവും) ലോകനിലവാരത്തോടൊപ്പം ഉയർത്തുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ആവർത്തിച്ച് ഉറപ്പിച്ചിരിക്കുന്നു.

മുകളിൽച്ചേർത്ത സംക്ഷേപത്തിൽനിന്ന്, പൊതുവെ സ്വീകാര്യങ്ങളായ പല കാര്യങ്ങളും പുതിയ വിദ്യാഭ്യാസനയത്തിലുണ്ടെന്നു വ്യക്തമാണല്ലോ. ഉദാഹരണത്തിന്, പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കൽ, നിരക്ഷരതാനിർമാർജനം, രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും വിദ്യാഭ്യാസത്തിനു തുല്യമായ അവസരം നൽകൽ, വിദ്യാഭ്യാസത്തിന്റെ സാമൂഹ്യപ്രസക്തി വർദ്ധിപ്പിക്കൽ, നിലവാരം ഉയർത്തൽ, സാമ്പത്തികവികസനത്തിന് ഉപകരിക്കുമാറ് ശാസ്ത്ര—സാങ്കേതികവിജ്ഞാനം വളർത്തൽ, മൂല്യങ്ങളെപ്പററിയും രാജ്യത്തിന്റെ നിലനില്പിനെപ്പററിയും വിമർശനപരമായ ബോധം ജനങ്ങളിൽ ഉളവാക്കൽ മുതലായ, പുതിയ വിദ്യാഭ്യാസനയത്തിന്റെ ലക്ഷ്യങ്ങൾ ആർക്കും അസ്വീകാര്യങ്ങളാവാൻ തരമില്ല. അവശവിഭാഗങ്ങൾക്ക് അധികസൗകര്യങ്ങൾ നൽകുന്നതിനുള്ള മൂർത്തങ്ങളായ നിർദേശങ്ങളും പരക്കെ സ്വാഗതംചെയ്യപ്പെടും. ഇന്ത്യയിലെ വിദ്യാഭ്യാസം മതനിരപേക്ഷമാവണമെന്ന സിദ്ധാന്തത്തെയും ആരും എതിർക്കുമെന്നു കരുതേണ്ടതില്ല.

പുതിയ നയത്തിലെ ചില നിർദേശങ്ങൾ ഇതിനകം വലിയ തോതിൽ വിവാദം സൃഷ്ടിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിനു പൊതുവെ അനുകരണീയമായ മാതൃക സൃഷ്ടിക്കുന്നതിനായി ജില്ലകൾതോറും 'നവോദയ വിദ്യാലയങ്ങൾ' സ്ഥാപിക്കണമെന്ന നിർദേശമാണ് ഏററവുമധികം വിവാദവിഷയമായിട്ടുള്ളത്. സൗജന്യമായി ഹോസ്റ്റൽ സൗകര്യവും അദ്ധ്യയനവും വിദ്യാർത്ഥികൾക്കു ലഭിക്കുന്നതും വിഭിന്ന സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്നതുമായ നവോദയ വിദ്യാലയങ്ങൾ ഗ്രാമീണർക്കും അവശവിഭാഗക്കാർക്കും മുൻഗണന നൽകുമെന്ന ഗവണ്മെൻറിന്റെ പ്രസ്താവന മുഖവിലയ്ക്കെടുക്കാൻ വിമർശകർ തയ്യാറല്ല. ഒരുതരം ആഢ്യവിദ്യാഭ്യാസരീതി നടപ്പിൽവരികയാവും ഈ വിദ്യാലയങ്ങളുടെ പാര്യന്തികഫലമെന്നാണ് അവരുടെ ഭയം. പക്ഷേ, വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള ആത്മാർത്ഥമായ ഒരു പരിശ്രമമെന്ന നിലയിൽ ഈ നിർദേശം പരീക്ഷിച്ചുനോക്കേണ്ടതല്ലേ? അപാകതകൾ ഉണ്ടാകുന്നപക്ഷം, അവ തിരുത്താൻ സൗകര്യം നൽകുന്നതാണല്ലോ ജനാധിപത്യവ്യവസ്ഥിതി.

പുതിയ വിദ്യാഭ്യാസനയത്തിൽ അനൗപചാരികവിദ്യാഭ്യാസത്തിനു നൽകിക്കാണുന്ന ഊന്നലിനെതിരെ ചില വൃത്തങ്ങളിൽ ഉയർന്നു വന്നിട്ടുള്ള വിമർശനങ്ങൾ മനസ്സിലാക്കുക പ്രയാസമായിരിക്കുന്നു. ഔപചാരികവിദ്യാഭ്യാസത്തിനു പകരം നിൽക്കുന്ന ഒന്നല്ല അനൗപചാരികവിദ്യാഭ്യാസം. നേരേമറിച്ച്, ഔപചാരികവിദ്യാഭ്യാസത്തിന്റെ പൂരകമായേ അതു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളു. ഔപചാരികവിദ്യാഭ്യാസം ലഭിക്കാൻ ഭാഗ്യമില്ലാതെപോയവരെ സാക്ഷരരാക്കുന്നതിനും, പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയതിനുശേഷം തൊഴിലുകളിൽ പ്രവേശിച്ചവരുടെ വൈദഗ്ധ്യവും വിജ്ഞാനവും പൗരബോധവും വർദ്ധിപ്പിക്കുന്നതിനും, മുതിർന്നവർക്ക് ആജീവനാന്തവിദ്യാഭ്യാസം നൽകുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് അനൗപചാരികവിദ്യാഭ്യാസം. എല്ലാ ജനാധിപത്യരാഷ്ട്രങ്ങളിലും, ഏറിയോ, കുറഞ്ഞോ അനൗപചാരികവിദ്യാഭ്യാസസമ്പ്രദായം ഇതിനകം വേരുപിടിച്ചു വളർന്നുകഴിഞ്ഞിട്ടുണ്ട്.

ഈ സംഗതി മനസ്സിലാക്കാത്തവരാണ് അനൗപചാരികവിദ്യാഭ്യാസത്തിനെതിരെ മുറവിളി ഉയർത്തുന്നതു്.

'പുതിയ വിദ്യാഭ്യാസനയ'ത്തിന്റെ ഏററവും വലിയ ദൗർബലത, വിദ്യാഭ്യാസരംഗത്തു സാർവത്രികമായി നടമാടുന്ന അഴിമതിയെപ്പററി ഒരു പ്രസ്താവവും അതിൽ ഇല്ലെന്നതാണ്. വിദ്യാർത്ഥികളുടെ പ്രവേശനം, പ്രൊമോഷൻ, അദ്ധ്യാപകരുടെ നിയമനം, അവരുടെ സ്ഥലംമാററം, സ്കൂളുകൾക്ക് അനുവാദം നേടൽ, അംഗീകാരം നേടൽ—അങ്ങനെ എല്ലാററിലും കോഴ ഒരു നിർണായകഘടകം ആയിരിക്കുന്നു. നമ്മുടെ രാഷ്ട്രീയത്തെ നിയന്ത്രിക്കുന്നതു് കള്ളച്ചാരായവ്യവസായമെന്നപോലെ കോഴ സ്കൂൾ വ്യാപാരവുമാണെന്നുവന്നിരിക്കുന്നു. വിദ്യാഭ്യാസത്തിലെ കോഴയുടെ ഈ വിശ്വരൂപത്തെ കാണാൻ വിസമ്മതിക്കുന്ന ദേശീയ വിദ്യാഭ്യാസനയത്തിന്റെ ആസൂത്രകർക്കും, ആ നയം അതേപടി അംഗീകരിച്ച പാർലമെന്റിനും 'ആനയെക്കാണാനും വെള്ളെഴുത്തോ?' എന്നു് മഹാകവി ചോദിച്ച തരത്തിൽപ്പെട്ട നൈതികാന്ധ്യം ബാധിച്ചതായി തോന്നുന്നു.

'പുതിയ വിദ്യാഭ്യാസനയ'ത്തിൽ പുരോഗമനപരങ്ങളായ പല നിർദേശങ്ങളും ഉണ്ടു്. അവ എങ്ങനെ നടപ്പിലാക്കപ്പെടുന്നു എന്നതാണു് മുഖ്യമായ കാര്യം. 1968—ലെ ദേശീയവിദ്യാഭ്യാസനയത്തിനു നേരിട്ട ദുർഗതിതന്നെ പുതിയ നയത്തിനും നേരിടുകയില്ല എന്നതിനു് എന്താണുറപ്പു്?

അദ്ധ്യാപകരും രക്ഷിതാക്കളുമടങ്ങുന്ന ഉദ്ബുദ്ധരായ പൊതുജനങ്ങളുടെ സക്രിയമായ താല്പര്യം ഒന്നു മാത്രമേ ആ ഉറപ്പു നൽകാൻ പര്യാപ്തമാവുകയുള്ളു. മുകളിൽനിന്നുള്ള ഏതു നിർദേശത്തെയും കണ്ണടച്ചു് എതിർക്കുകയാണു്, ഏതാനും വർഷങ്ങളായി, നമ്മുടെ അദ്ധ്യാപകസംഘടനകൾ കൈക്കൊണ്ടുവന്നിട്ടുള്ള സ്ഥിരനയം. അന്ധമായ ഈ എതിരിടൽ (കൺഫ്രണ്ടേഷൻ) മനോഭാവം നിമിത്തം, വിദ്യാഭ്യാസവ്യവസ്ഥിതിക്കും ഭാവിതലമുറയ്ക്കും തങ്ങൾ വരുത്തിവെക്കുന്ന ദ്രോഹം എത്രമാത്രമെന്നു് അദ്ധ്യാപകർ മനസ്സിലാക്കുന്നില്ലെന്നതു് പരിതാപകരമാകുന്നു. വിദ്യാഭ്യാസം ഒരു സർക്കാർ കാര്യമാണെന്നും, തങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതായി ഒന്നുംതന്നെ അതിലില്ലെന്നുമാണു് രക്ഷിതാക്കളുടെ ധാരണ. ഈ മനോഭാവങ്ങൾ മാറേണ്ടിയിരിക്കുന്നു. 'പുതിയ വിദ്യാഭ്യാസനയം' മലയാളത്തിൽ വിവർത്തനംചെയ്തു് വ്യാപകമായി പ്രചരിപ്പിക്കാൻ കേരളത്തിലെ വിദ്യാഭ്യാസവകുപ്പു് മുൻകൈയെടുക്കണം. ഈ രേഖയുടെ വിശദാംശങ്ങൾ പരക്കെ ചർച്ചചെയ്യപ്പെടുകയും വേണം. 'വിദ്യാഭ്യാസമെന്ന വെല്ലുവിളി'എന്ന രേഖയെപ്പററി, ഔദ്യോഗികാഭിമുഖ്യത്തിൽ, പേരിനു മാത്രം ചില ചർച്ചകളേ കേരളത്തിൽ നടന്നിട്ടുള്ളു. 'പുതിയ വിദ്യാഭ്യാസനയ'ത്തെപ്പററി ചർച്ചകൾ സംഘടിപ്പിക്കുന്നതിന്റെ നേതൃത്വം അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഘടനകൾ ഏറെറടുക്കണം. ഇപ്പോൾ ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസവർഷത്തിൽ 'പുതിയ വിദ്യാഭ്യാസനയ'ത്തെപ്പററി വ്യത്യസ്ത തലങ്ങളിൽ വ്യാപകമായ ചർച്ചകൾ സംഘടിപ്പിക്കാനും, അങ്ങനെ ഈ വിഷയത്തിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിക്കാനും മുന്നോട്ടു വരണമെന്നു് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിഭിന്ന സംഘടനകളോടു് ഞാൻ അഭ്യർത്ഥിക്കുന്നു. അവർ നിർവഹിക്കേണ്ട ഒരു ദേശീയ ചുമതലയാണിതു്; അതു നിറവേററുന്നതിൽ അവർ വീഴ്ച വരുത്തിക്കൂടാ.

(20 മേയ്, 1986)